ഉത്തരം

(എ) 1616.

(ബി) ഇതുവരെ ആർക്കെതിരെയും റവന്യൂ റിക്കവറി നടപടി എടുത്തിട്ടില്ല. ഒരു വർഷമായി തിരിച്ചടവ് നടത്താതെ കോർപ്പറേഷന് കടക്കാരായി 364 പേർ ഉണ്ട്.

(സി) ഇല്ല.

വികലാംഗർക്ക് മന്ദിരങ്ങൾ

79 (1807) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സാമൂഹ്യക്ഷേമ വകുപ്പിനുകീഴിലുള്ള വൃദ്ധസദനങ്ങൾ പോലെ പബ്ലിക് യൂട്ടിലിറ്റി സെന്ററുകളിൽ വികലാംഗർക്ക് വരുന്നതിനും തൊഴിൽ പരിശീലിക്കുന്നതിനും അതിഥിയായി താമസിക്കുന്നതിനും സൗകര്യപ്രദമായ രീതിയിൽ കെട്ടിടങ്ങൾ പണികഴിപ്പിക്കുന്നകാര്യം ആലോചിക്കുമോ ?

ഉത്തരം

സാമൂഹ്യക്ഷേമ വകുപ്പിനുകീഴിൽ വികലാംഗത്വ പ്രായാധിക്യവുംമൂലം അവശത അനുഭവിക്കുന്ന 55 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകളെയും പുരുഷന്മാരേയും സംരക്ഷിക്കുന്നതിനായി ആലപ്പുഴ, ഇടുക്കി, പാലക്കാട്, വയനാട് എന്നീ 4 ജില്ലകളിൽ വികലാംഗ സദനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്.

16 വയസ്സിന് മുകളിൽ പ്രായമുള്ള വികലാംഗരായ വനിതകളെയും പുരുഷന്മാരേയും സംരക്ഷിക്കുന്നതിനായി തിരുവനന്തപുരത്തും എറണാകുളത്തും വികലാംഗ സദനങ്ങൾ പ്രവർത്തിക്കുന്നു. കോഴിക്കോടും തിരുവനന്തപുരത്തും രണ്ട് വി.റ്റി.സി.-കളിൽ വികലാംഗരായ കുട്ടികൾക്ക് വിവിധ ട്രെയിഡുകളിൽ ട്രെയിനിംഗ് നല്കിവരുന്നുണ്ട്.

പബ്ലിക് യൂട്ടിലിറ്റി സെന്ററുകളിൽ വികലാംഗർക്ക് വരുന്നതിനും തൊഴിൽ പരിശീലിപ്പിക്കുന്നതിനും അതിഥിയായി താമസിക്കുന്നതിനും സൗകര്യപ്രദമായ രീതിയിൽ കൂടുതൽ കെട്ടിടങ്ങൾ പണികഴിപ്പിക്കുന്നകാര്യം ആവശ്യമായ സന്ദർഭങ്ങളിൽ പരിശോധിച്ച് ചെയ്യുന്നതായിരിക്കും.

വരുമാന പരിധിയില്ലാതെ വികലാംഗ പെൻഷൻ

80 (1808) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികലാംഗ പെൻഷൻ അനുവദിക്കുന്നതിന് നിലവിലുള്ള വരുമാന പരിധി എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) 60 ശതമാനവും അതിനുമുകളിലും വൈകല്യമുള്ളവർക്ക് വരുമാന പരിധി നോക്കാതെ വികലാംഗ പെൻഷൻ അനുവദിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ; എങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly